**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4415 — 13.11.2019-ൽ മറുപടിക്ക്

# മലപ്പുറം ജില്ലയിലെ മതിൽമൂല കോളനിയിലെ ദുരിത ബാധിതർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി. അൻവർ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | 2018-ലെ ഉരുൾ പൊട്ടലിൽ വീടും പുരയിടവും നഷ്ടപ്പെട്ട മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിലെ മതിൽമൂല കോളനിയിലെ ദുരിതബാധിതരെ പുനരധി വസിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാ ക്കാമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ മതിൽമൂല കോളനിയിലെ 26 കുടുംബങ്ങളെ പുനരധിവസിപ്പിക്കു ന്നതിന് ചാലിയാർ ഗ്രാമ പഞ്ചായത്തിലെ കണ്ണൻകുണ്ട് എന്ന സ്ഥലത്ത് 10 ഹെക്ടർ നിക്ഷിപ്ത വനഭൂമിയിൽ നിന്നും 50 സെന്റ് സ്ഥലം വീതം അനുവദിക്കുകയും വീട് നിർമ്മാണം ആരംഭിക്കുന്ന തിനായി 2.44 കോടി രൂപ അനുവദിക്കുകയും വീട് നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 23 പട്ടികജാതി കുടുംബങ്ങളാണ് പ്രളയബാധിതരായത്. അതിൽ 9 കുടുംബങ്ങൾക്ക് നിലമ്പൂർ നഗരസഭയിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ജവഹർ കോളനിയിൽ 5 സെന്റ് വീതം ഭൂമി അനുവദിച്ചിട്ടുണ്ട്. 14 കുടുംബങ്ങൾ ജവഹർ കോളനിയിൽ ഭൂമി ലഭിക്കുന്നതിൽ താൽപര്യമില്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത കോളനിയിലെ എത്ര കുടുംബ ങ്ങളെ എവിടെയൊക്കെയാണ് ഇതിനകം പുനരധിവസിപ്പിച്ചിട്ടുള്ളത്; വ്യക്തമാ ക്കുമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പുനരധി വസിപ്പിക്കേണ്ട 26 കുടുംബങ്ങളിൽ താത്കാലിക പുനരധിവാസമെന്ന നിലയിൽ 7 കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് വീട് വാടകയ്ക്ക് എടുത്തു നൽകി. ബാക്കിയുള്ള കുടുംബങ്ങൾ ബന്ധുവീട്ടുകളിലും മറ്റും താമസിക്കുന്നു. |

| | | | |
|---|---|---|---|
| . | | | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 9 കുടുംബങ്ങൾക്ക് നിലമ്പൂർ നഗരസഭയിലെ ജവഹർ കോളനിയിൽ ഭൂമി അനുവദിച്ചിട്ടുണ്ട്. നിലവിൽ ചാലിയാർ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 15 കുടുംബങ്ങൾ വാടകയ്ക്ക് താമസിക്കുന്നുണ്ട്. 8 കുടുംബങ്ങൾ മതിൽമൂല കോളനിയിൽ സ്വന്തം വീട്ടിൽ താമസിക്കുന്നുണ്ട്. |
| സി) | പട്ടികജാതി വകുപ്പിന്റെ കീഴിൽ നിലമ്പൂർ ജവഹർ കോളനിയിൽ മതിൽമൂല കോളനിയിലെ എത്ര കുടുംബങ്ങൾക്ക് പുതുതായി സ്ഥലം നൽകിയിട്ടുണ്ട്; ഈ സ്ഥലം കോളനിയിൽ ഏത് ഭാഗത്താണ് അനുവദിച്ചിട്ടുള്ളത്; അനുവദിച്ച സ്ഥലത്തിന്റെ നാല് അതിരുകൾ വ്യക്തമാക്കാമോ; | സി) | 9 കുടുംബങ്ങൾക്കാണ് പട്ടികജാതി വികസന വകുപ്പ് ഭൂമി നൽകിയിരിക്കുന്നത്. ഈ സ്ഥലം ജവഹർ കോളനിയിൽ പുതുതായി നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന മിനി സിവിൽ സ്റ്റേഷനടുത്താണ്. തെക്ക് - മിനി സിവിൽ സ്റ്റേഷൻ, പടിഞ്ഞാറ് - ജവഹർ കോളനി അതിര്, കിഴക്ക് - സി എൻ ജി റോഡ്, വടക്ക് - ജവഹർ കോളനി അതിര്. |
| ഡി) | മതിൽമൂല കോളനിയിലെ എത്ര കുടുംബങ്ങളെയാണ് ചാലിയാർ പഞ്ചായത്തിലെ വനഭൂമിയിൽ പുനരധിവസിപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | ഡി) | പട്ടികവർഗ്ഗത്തിൽപ്പെട്ട, മതിൽമൂല കോളനിയിലെ 26 കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. |
| ഇ) | മതിൽമൂല കോളനിയിലെ വീടും പുരയിടവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഇനിയും പുനരധിവസിപ്പിക്കുവാനുണ്ടോ; ഉണ്ടെങ്കിൽ എണ്ണം വ്യക്തമാക്കാമോ? | ഇ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും മതിൽമൂല കോളനിയിൽ വീടും പുരയിടവും നഷ്ടപ്പെട്ട എല്ലാ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് സ്ഥലം നൽകി വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br>പട്ടികജാതി വികസന വകുപ്പിൽ നിന്നും 23 കുടുംബങ്ങളിൽ 9 പേർക്ക് ഭൂമി അനുവദിച്ചു. ഇനി 14 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുവാനുണ്ട്. |

**സെക്ഷൻ ഓഫീസർ**